# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2018 ഫെബ്രുവരി 7, ബുധൻ

**നമ്പർ 103**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

സംസ്ഥാന സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയായ 'ലൈഫ് മിഷന്റെ' മാർഗ്ഗനിർദ്ദേശങ്ങളിലെ അവ്യക്തതയും നടത്തിപ്പിലെ പാളിച്ചകളും കാരണം പദ്ധതി പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതി വിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പി. കെ. ബഷീറും മറ്റ് രണ്ടംഗങ്ങളും ചേർന്ന് ഒരു അടിയന്തരപ്രമേയത്തിന്റെ അവതരണാനുമതിക്ക് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെയും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രിയുടെയും മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷകക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

(1) കേരള വാട്ടർ അതോറിറ്റിയിൽ ദീർഘകാലമായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ സ്ഥിരപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. ബി. സത്യൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 401/2018 (i).

(2) പൂർത്തിയാകാത്ത പദ്ധതികളുടെ ഫണ്ട് തിരിച്ചെടുത്തതിനാലും വിനോദനികുതിയുടെ സർക്കാർ വിഹിതം ലഭിക്കാത്തതിനാലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ.അനിൽ അക്കര ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരം ഉന്നയിച്ച വിഷയങ്ങൾ :

ചട്ടം 304 പ്രകാരം അംഗങ്ങൾ സഭയിൽ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. ആൻസലൻ | കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. സി. കെ. ശശീന്ദ്രൻ | വളർത്തുനായ്ക്കളുടെ കടിയേറ്റ് വീട്ടമ്മ കൊല്ലപ്പെട്ടത് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. ജോയി | കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. സുരേഷ് കുറുപ്പ് | ഏറ്റുമാനൂർ താലൂക്ക് രൂപീകരിക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ . എസ്. രാജേന്ദ്രൻ | മൂന്നാർ കെ. ഡി. എച്ച്. വില്ലേജിൽ കുട്ടിയാർ വാലിയിലെ പട്ടയം വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആന്റണി ജോൺ | കോതമംഗലത്തെ റീ സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു | നെന്മാറയിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. ജി. എസ്. ജയലാൽ | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. വി. കെ. സി. മമ്മത് കോയ | ബേപ്പൂർ തുറമുഖ വികസനം | തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. വി. ഇബ്രാഹിം | പുളിക്കൽ സബ് ട്രഷറി ആരംഭിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 11 | ശ്രീ. എ. എൻ. ഷംസീർ | ജില്ലാ ആയുർവേദ ആശുപത്രികളിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സിദ്ധ വിഭാഗങ്ങൾ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. ടി. തോമസ് | വെളിച്ചെണ്ണയിൽ മായം കലർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 13 | ശ്രീ. ഡി. കെ. മുരളി | പെരിങ്ങമല ഗ്രാമപഞ്ചായത്തിൽ ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 14 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | പത്തനാപുരത്തെ കാൻസർ രോഗികളുടെ വർദ്ധനവും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 15 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | അഴീക്കോട്-മുനമ്പം പാലം നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 16 | ശ്രീ. കെ. എം. ഷാജി | കല്ലരിക്കടവിൽ പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 17 | ശ്രീ. സി. കെ. നാണു | വടകര ജില്ലാ ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 18 | ശ്രീ. പി. കെ. ബഷീർ | ചാലിയാറിന് കുറുകെയുള്ള ആര്യൻതൊടിക പാലം നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 19 | ശ്രീ. ഹൈബി ഈഡൻ | അറ്റ്ലാന്റിസ്, വാത്തുരുത്തി മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | ശ്രീമതി യു. പ്രതിഭ ഹരി | ടെക്നിക്കൽ സ്കൂൾ കലോത്സവത്തിന് കൂടുതൽ തുക അനുവദിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 21 | ശ്രീ. മോൻസ് ജോസഫ് | സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 22 | ശ്രീ. എം. സ്വരാജ് | എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 23 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | അഭയാരണ്യം ഇക്കോ ടൂറിസം പ്രദേശത്ത് തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കു വേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 24 | ശ്രീ. അൻവർ സാദത്ത് | അജൈവ മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ കത്തിക്കുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 25 | ശ്രീ. സി. മമ്മൂട്ടി | തിരൂർ നഗരസഭയിലെ അമിനിറ്റി സെന്ററിന് കെട്ടിടനമ്പർ നൽകുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 26 | ശ്രീ. എ. എം. ആരിഫ് | തീരദേശമേഖലയിൽ സി. ആർ. സെഡ് പരിധിയിൽപ്പെട്ട വാസ ഗൃഹങ്ങളുടെ വസ്തു നികുതി | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

അതത് വിഷയങ്ങൾ സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തുവച്ച കടലാസുകൾ:</u>

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവച്ചു

(1) ചട്ടം 47(2)പ്രകാരം കാലതാമസപത്രിക സഹിതമുള്ള താഴെപ്പറയുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ:

| നിയമസഭ | സമ്മേളനം | ചോദ്യ നമ്പർ |
|---|---|---|
| (1) | (2) | (3) |
| 13 | 5 | 362 |
| 13 | 9 | 1 |
| 13 | 12 | 1259 |
| 13 | 14 | 2111 |
| 13 | 16 | 437, 3280 |
| 14 | 2 | 1552, 2125, 2740, 4181, 4527, 4536 |
| 14 | 4 | 32, 63, 157, 458, 502, 1265, 1837, 2176, 2336, 3043, 3328, 3772, 3775, 3971, 3703, 3862, 3947 |
| 14 | 5 | 368, 1245, 1323, 1909, 3289, 5451, 5742 |
| 14 | 7 | 87, 88, 383, 397, 1664, 1672, 1692, 1716, 1826, 1827, 2413, 3368, 3635, 3666, 3081 |

(2) അഞ്ചാമത് ധനകാര്യ കമ്മീഷൻ റിപ്പോർട്ടും (പാർട്ട് I & II) അതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ടും.

<u>റിപ്പോർട്ടുകളുടെ സമർപ്പണം:</u>

താഴെപ്പറയുന്ന റിപ്പോട്ടുകൾ സമർപ്പിച്ചു:

(1) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പത്ത് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ.

(2) സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്.

ചട്ടങ്ങൾക്കുള്ള ഭേദഗതികളുടെ പരിഗണന :

1. 2017 ഒക്ടോബർ 25-ാം തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 126/2017/റ്റിഡി (എസ്.ആർ.ഒ. നമ്പർ 653/2017) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2017- ലെ ദി ഫോറിൻ ലിക്വർ(സെക്കന്റ് അമെന്റ്മെന്റ്) ചട്ടങ്ങൾക്ക് ശ്രീ. കെ.സി. ജോസഫ് ഭേദഗതി അവതരിപ്പിച്ചു. ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ മറുപടി പറഞ്ഞു. അവതരിപ്പിച്ച ഭേദഗതി വോട്ടിനിടുകയും തള്ളുകയും ചെയ്തു.

2. 2017 നവംബർ ഒന്നാം തീയതിയിലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 9/2017/പി.എ.ഡി. (എസ്.ആർ.ഒ. നമ്പർ 685/2017), മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2017-ലെ ദി മെഡിക്കൽ അറ്റന്റൻസ് ടു ദി എക്സ് മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (ഫസ്റ്റ് അമെന്റ്മെന്റ്) ചട്ടങ്ങൾക്കും 2017 നവംബർ 1-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 10/2017/പി.എ.ഡി. (എസ്.ആർ.ഒ.നമ്പർ 686/2017) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2017-ലെ ദി മെഡിക്കൽ അറ്റൻഡൻസ് റ്റു ദി എക്സ്-മെമ്പേഴ്സ് ഓഫ് ദി കേരള ലെജിസ്ലേറ്റീവ് അസംബ്ലി (സെക്കൻഡ് അമെന്റ്മെന്റ്) ചട്ടങ്ങൾക്കും ശ്രീ. എം. ഉമ്മർ ഭേദഗതികൾ അവതരിപ്പിച്ചു. പട്ടികജാതി പട്ടികവർഗ്ഗ, പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ മറുപടി പറഞ്ഞു. അവതരിപ്പിച്ച ഭേദഗതികൾ വോട്ടിനിടുകയും തള്ളുകയും ചെയ്തു.

ധനകാര്യം:

2018-2019 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിനെ സംബന്ധിച്ചുള്ള പൊതുചർച്ച തുടർന്നു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. എം. സ്വരാജ്

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീമതി സി. കെ. ആശ

ശ്രീ. എം. ഉമ്മർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. കെ. എം. മാണി

ശ്രീ. പി. കെ. ശശി

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. ആർ. രാമചന്ദ്രൻ

ശ്രീ. പി. കെ. ബഷീർ

ശ്രീ. ജെയിംസ് മാത്യു

ശ്രീ. രമേശ് ചെന്നിത്തല (പ്രതിപക്ഷ നേതാവ്)

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ.ടി.എം.തോമസ് ഐസക് മറുപടി പറഞ്ഞു.

<u>അവകാശലംഘന പ്രശ്നം :</u>

താഴെപ്പറയുന്ന അവകാശലംഘന നോട്ടീസുകൾക്ക് സ്പീക്കർ അനുമതി നിഷേധിച്ചു

(1) പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി യഥാർത്ഥ വസ്തുതകൾ മറച്ചുവയ്ക്കുന്നതാണെന്നും മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും ആരോപിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി.സി. ജോർജ് നൽകിയ നോട്ടീസ്.

(2) സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ പത്രസമ്മേളനത്തിലൂടെ പ്രഖ്യാപിച്ചത് നിയമസഭയുടെയും നിയമസഭാംഗങ്ങളുടെയും അവകാശങ്ങളുടെലംഘനമാണെന്നാരോപിച്ച് ശ്രീ. കെ. സി. ജോസഫ് മുഖ്യമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

താഴെപ്പറയുന്ന നോട്ടീസ് ചെയറിന്റെ പരിഗണനയിലാണെന്ന് സ്പീക്കർ അറിയിച്ചു

27-11-2017-ലെ ഉത്തരവ് മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം.പി.മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ നൽകിയ നോട്ടീസ്.

സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നതു സംബന്ധിച്ച് മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തെക്കുറിച്ച് സ്പീക്കർ ഹ്രസ്വമായ ഒരു അവലോകനം നടത്തി.

സഭാ നടപടികളുടെ അവസാനം ദേശീയഗാനം ആലപിച്ചു

വൈകുന്നേരം 4.16-ന് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*

## FOURTEENTH KERALA LEGISLATIVE ASSEMBLY

### Ninth Session

# BULLETIN— PART I

( Brief Record of Proceedings )

*Wednesday, February 7, 2018*

**No.103**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Three questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister and Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs the Speaker withheld consent to the moving of an adjournment motion given notice of by Shri. P. K. Basheer and two other Members regarding the serious situation reported to have arisen consequent to the crisis being faced by the 'LIFE mission,' the house construction scheme of the State, due to the ambiguity in its guidelines and failure in its implementation.

In protest against the attitude of the Government in the matter the Members belonging to the opposition staged a walk-out.

*Calling Attention:*

1. Shri.B.Sathyan called the attention of the Minister for Water Resources to the necessity to make the contract labourers, who have been working for a long period in Kerala Water Authority, permanent. The Minister made a statement thereto.

KNPP. 401/2018 (ii).

2. Shri.Anil Akkara called the attention of the Minister for Finance and Coir to the necessity to solve the reported economic crisis faced by local self government bodies due to recalling of funds related to incomplete schemes and loss in government share of entertainment tax. The Minister made a statement thereto.

*The Matters raised under Rule 304 :*

The matters raised by Members in the House under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പ് മന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. കെ. ആൻസലൻ | കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നത് | മുഖ്യമന്ത്രി |
| 2 | ശ്രീ. സി. കെ. ശശീന്ദ്രൻ | വളർത്തുനായ്ക്കളുടെ കടിയേറ്റ് വീട്ടമ്മ കൊല്ലപ്പെട്ടത് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. ജോയി | കയർ വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. സുരേഷ് കുറുപ്പ് | ഏറ്റുമാനൂർ താലൂക്ക് രൂപീകരിക്കുന്നത് | റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി |
| 5 | ശ്രീ . എസ്. രാജേന്ദ്രൻ | മൂന്നാർ കെ. ഡി. എച്ച്. വില്ലേജിൽ കുട്ടിയാർവാലിയിലെ പട്ടയം വിതരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 6 | ശ്രീ. ആന്റണി ജോൺ | കോതമംഗലത്തെ റീ സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. ബാബു | നെന്മാറയിലെ ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നത് | ജലവിഭവ വകുപ്പുമന്ത്രി |
| 8 | ശ്രീ. ജി. എസ്. ജയലാൽ | കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം | ജലവിഭവ വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. വി. കെ. സി. മമ്മത് കോയ | ബേപ്പൂർ തുറമുഖ വികസനം | തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി |
| 10 | ശ്രീ. ടി. വി. ഇബ്രാഹിം | പുളിക്കൽ സബ് ട്രഷറി ആരംഭിക്കുന്നത് | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 11 | ശ്രീ. എ. എൻ. ഷംസീർ | ജില്ലാ ആയുർവ്വേദ ആശുപത്രികളിൽ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സിദ്ധ വിഭാഗങ്ങൾ ആരംഭിക്കുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 12 | ശ്രീ. പി. ടി. തോമസ് | വെളിച്ചെണ്ണയിൽ മായം കലർത്തുന്നത് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 13 | ശ്രീ. ഡി. കെ. മുരളി | പെരിങ്ങമല ഗ്രാമപഞ്ചായത്തിൽ ആശുപത്രി മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 14 | ശ്രീ. കെ. ബി. ഗണേഷ് കുമാർ | പത്തനാപുരത്തെ ക്യാൻസർ രോഗികളുടെ വർദ്ധനവും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 15 | ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | അഴീക്കോട്-മുനമ്പം പാലം നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 16 | ശ്രീ. കെ. എം. ഷാജി | കല്ലുരിക്കടവിൽ പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 17 | ശ്രീ. സി. കെ. നാണു | വടകര ജില്ലാ ആശുപത്രിയുടെ നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 18 | ശ്രീ. പി. കെ. ബഷീർ | ചാലിയാറിന് കുറുകെയുള്ള ആര്യൻ തൊടിക പാലം നിർമ്മാണം സംബന്ധിച്ച് | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 19 | ശ്രീ. ഹൈബി ഈഡൻ | അറ്റ്ലാന്റിസ്, വാത്തുരുത്തി മേൽപ്പാലങ്ങളുടെ നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 20 | ശ്രീമതി യു. പ്രതിഭ ഹരി | ടെക്നിക്കൽ സ്കൂൾ കലോത്സവത്തിന് കൂടുതൽ തുക അനുവദിക്കുന്നത് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 21 | ശ്രീ. മോൻസ് ജോസഫ് | സംസ്ഥാനത്തെ സ്കൂളുകൾ ഹൈടെക് ആക്കുന്നത് സംബന്ധിച്ച് | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 22 | ശ്രീ. എം. സ്വരാജ് | എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം | വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 23 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | അഭയാരണ്യം ഇക്കോ ടൂറിസം പ്രദേശത്ത് തദ്ദേശീയ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| 24 | ശ്രീ. അൻവർ സാദത്ത് | അജൈവ മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ കത്തിക്കുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 25 | ശ്രീ. സി. മമ്മൂട്ടി | തിരൂർ നഗരസഭയിലെ അമിനിറ്റി സെന്ററിന് കെട്ടിടനമ്പർ നൽകുന്നത് | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| 26 | ശ്രീ. എ. എം. ആരിഫ് | തീരദേശമേഖലയിൽ സി. ആർ. സെഡ് പരിധിയിൽപ്പെട്ട വാസ ഗൃഹങ്ങളുടെ വസ്തു നികുതി | തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ്, ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |

The Ministers made statements thereto.

*Papers laid on the Table:*

The following papers were laid on the Table.

(1) The Answers to the following questions together with the statement showing reasons for the delay as per Rule 47(2).

| KLA | Session | Question No |
|---|---|---|
| (1) | (2) | (3) |
| 13 | 5 | 362 |
| 13 | 9 | 1 |
| 13 | 12 | 1259 |
| 13 | 14 | 2111 |
| 13 | 16 | 437, 3280 |
| 14 | 2 | 1552, 2125, 2740, 4181, 4527, 4536 |
| 14 | 4 | 32, 63, 157, 458, 502, 1265, 1837, 2176, 2336, 3043, 3328, 3772, 3775, 3971, 3703, 3862, 3947 |
| 14 | 5 | 368, 1245, 1323, 1909, 3289, 5451, 5742 |
| 14 | 7 | 87, 88, 383, 397, 1664, 1672, 1692, 1716, 1826, 1827, 2413, 3368, 3635, 3666, 3081 |

(2) The Report of the Fifth Finance Commission (Part I & II) and its action taken Report.

*Presentation of Reports:*

The following Reports were presented

(1) The Tenth to Sixteenth Reports of the Committee on Public Accounts

(2) The Twelfth Report of the Committee on Subordinate Legislation

*Amendment to Rule:*

(1) Shri.K.C.Joseph moved the amendment to the Foreign Liquor (Second Amendment) Rules, 2017 issued in G.O.(P) No. 126/2017/TD Dated25-10-2017 (S.R.O. No. 653/2017).

Shri T. P. Ramakrishnan, the Minister for Labour and Excise replied to the points raised. The amendment moved was put to vote and declared lost.

(2) Shri M. Ummer moved the amendments to the Medical Attendants to the Ex-Members of the Kerala Legislative Assembly (First Amendment) Rules, 2017 issued in G.O.(Ms.)No.9/2017/PAD (S.R.O.No.685/2017) and the Medical Attendance to the Ex-Members of the Kerala Legislative Assembly(Second Amendment) Rules, 2017 issued in G.O(Ms.) No. 10/2017/PAD(S.R.O. No. 686/2017). Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Class, Law, Culture and Parliamentary Affairs replied to the points raised. The amendment moved was put to vote and declared lost.

*Financial Business:*

The General discussion on the Budget for the Financial Year

2018-2019 was resumed. The following Members took part in the discussion.

Shri M. Swaraj

Shri V. P. Sajeendran

Smt C. K. Asha

Shri M. Ummer

Shri I. B. Satheesh

Shri K. M. Mani

Shri P. K. Sasi

Shri O. Rajagopal

Shri R. Ramachandran

Shri P. K. Basheer

Shri James Mathew

Shri Ramesh Chennithala Leader of Opposition.

Dr.T.M.Thomas Isaac,Minister for Finance and Coir replied to points raised during the discussion.

*Questions of Breach of Privilege:*

The Speaker withheld consent to following notices of questions of breach of privilege:

(1) പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി യഥാർത്ഥ വസ്തുതകൾ മറച്ചുവയ്ക്കുന്നതാണെന്നും മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്നും ആരോപിച്ചുകൊണ്ട് തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസ്.

(2) സോളാർ അഴിമതിയെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ്(റിട്ട.) ജി. ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ പത്രസമ്മേളനത്തിലൂടെ പ്രഖ്യാപിച്ചത് നിയമസഭയുടെയും നിയമസഭാംഗങ്ങളുടെയും അവകാശങ്ങളുടെ ലംഘനമാണെന്നാരോപിച്ച് ശ്രീ. കെ. സി. ജോസഫ് മുഖ്യമന്ത്രിക്കെതിരെ നൽകിയ നോട്ടീസ്.

The Speaker informed the House that the following notice of question of breach of privilege was under the consideration of the Chair:

27-11-2017-ലെ ഉത്തരവ് മുഖേന സർക്കാർ അതിഥി മന്ദിരത്തിൽ സ്യൂട്ട് റൂം അനുവദിക്കുന്നവരുടെ പട്ടികയിൽ നിന്ന് നിയമസഭാ സാമാജികരെയും എം.പി.മാരെയും ഒഴിവാക്കിയത് സഭയുടെയും അംഗങ്ങളുടെയും അവകാശത്തിന്റെ ലംഘനമാണെന്ന് ആരോപിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർക്കെതിരെ നൽകിയ നോട്ടീസ്.

The House passed the motion moved by the Chief Minister to adjourn the House *sine die.*

The Speaker made a brief review of the Ninth Session of the Fourteenth Kerala Legislative Assembly.

National Anthem was sung at the end of the proceedings.

The House adjourned *sine die* at 4.16 p.m.

V. K. BABU PRAKASH,
*Secretary* .